തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡിലെ ജീവനക്കാർക്ക് മെഡിക്കൽ അലവൻസ് നൽകുന്നതിനാൽ മെഡിക്കൽ ക്ലെയിം അനുവദിക്കുന്നില്ല.

(സി) കേന്ദ്ര സർക്കാർ 1.1.97 മുതൽ 6500 രൂപയായി ഇ.എസ്.ഐ. പരിധി ഉയർത്തുന്നതിനുമുമ്പ് പരിധിക്ക് മുകളിലായതു നിമിത്തം ഇ.എസ്. ഐ. ആനുകൂല്യം ലഭിക്കാത്ത തിരുവനന്തപുരം സ്പിന്നിംഗ് മിൽസ് ലിമിറ്റഡിലെ തൊഴിലാളികൾ മാനേജ്മെന്റും തൊഴിലാളി യൂണിയനുകളുമായി ചർച്ചചെയ്തു തീരുമാനിച്ച കരാറിലെ വ്യവസ്ഥ പ്രകാരം വേതനത്തിന്റെ 4% കണക്കാക്കി മെഡിക്കൽ അലവൻസ് നൽകുകയുണ്ടായി. ഈ മില്ലിലെ ജീവക്കാരനായിരുന്ന ശ്രീ. ശിവരാജിന് ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കാതിരുന്ന 1.1.95 മുതൽ 31.12.96 വരെയുള്ള കാലയളവിലേക്ക് മേൽപ്പറഞ്ഞ കരാർ വ്യവസ്ഥ പ്രകാരം അർഹതപ്പെട്ട മെഡിക്കൽ അലവൻസ് നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. സർക്കാർ നിർദ്ദേശിച്ചതുപ്രകാരം ശ്രീ. ശിവരാജിന് മെഡിക്കൽ ആനുകൂല്യം നൽകുന്നത് സംബന്ധിച്ച അപേക്ഷ ജൂൺ 1997-ൽ നടന്ന കമ്പനിയുടെ 153-ാമത് ഡയറക്ടർ ബോർഡിന്റെ യോഗത്തിൽ അവതരിപ്പിക്കുകയും 'ശിവരാജിന്' ഇ.എസ്.ഐ. ആനുകൂല്യത്തിന് പകരമായി യൂണിയനുകളുമായി ഉണ്ടാക്കിയ കരാർ വ്യവസ്ഥപ്രകാരം അർഹതപ്പെട്ട മെഡിക്കൽ അലവൻസ് നൽകിയിട്ടുള്ളതിനാലും മില്ലിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് ഭീമമായ ഒരു തുക മെഡിക്കൽ റീ-ഇംപേഴ്സ്മെന്റായി കൊടുക്കാൻ കഴിയില്ലെന്നതിനാലും ടി കാര്യം പരിഗണിക്കാനാവില്ലെന്ന തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

(ഇ) വ്യവസായ വകുപ്പുവഴിയാണ് ശ്രീ. ശിവരാജ് മെഡിക്കൽ ആനുകൂല്യം നൽകുന്നതു സംബന്ധിച്ച് അപേക്ഷ പുനഃപരിശോധിക്കണം എന്ന് ആവശ്യപ്പെട്ടിരിക്കുന്നത്. അതിനാൽ കമ്പനി നേരിട്ട് ശ്രീ. ശിവരാജിന് മറുപടി നൽകിയില്ല.

(എഫ്) രേഖാമൂലം ആവശ്യപ്പെടുന്ന പക്ഷം ശ്രീ. ശിവരാജ് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റിനായി കമ്പനിയിൽ സമർപ്പിച്ച ബില്ലുകൾ തിരികെ കൊടുക്കുന്നതാണ്.

(ജി) ജീവനക്കാരുമായി ഉണ്ടാക്കിയ കരാറനുസരിച്ച് ടിയാന് മെഡിക്കൽ അലവൻസ് നൽകിയിട്ടുണ്ട്. അതിനാൽ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടിയെടുക്കുന്ന കാര്യം ഉദിക്കുന്നില്ല.

(എച്ച്) ഇ.എസ്.ഐ. പരിധിയുടെ മുകളിലുള്ള സമയത്തേക്ക് മറ്റ് ജീവനക്കാർക്ക് നൽകിയതുപോലെ കരാർ വ്യവസ്ഥ പ്രകാരം ഉള്ള മെഡിക്കൽ അലവൻസ് ശ്രീ. ശിവരാജ് കമ്പനിയിൽനിന്നും കൈപ്പറ്റിയിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം പ്രവർത്തനം നിർത്തിവച്ചിരിക്കുന്ന ഈ മില്ലിൽനിന്ന് അർഹതപ്പെട്ട മെഡിക്കൽ അലവൻസിൽ കൂടുതലായി മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് നൽകുന്ന കാര്യം പരിഗണനയിലില്ല.

289 (1468) പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ താൽക്കാലികമായി കോൺട്രാക്ട് വ്യവസ്ഥയിൽ നിയമനം നടത്തുന്നു എന്ന് അറിയിക്കുമോ;

(ബി) ഈ താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ്വഴി നടത്തുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടോ;

(സി) സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും താൽക്കാലിക നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി തന്നെ നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ കഴിയുന്നിടത്തോളം നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ വഴിയും പി.എസ്.സി.യുടെ പരിധിയിൽ വരാത്തവ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും, ഓഫീസർമാരുടെ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും കിട്ടുന്നതും, ദിനപത്രങ്ങളിലെ പരസ്യങ്ങൾവഴി കിട്ടുന്നതുമായ സായുക്തപട്ടികയിൽനിന്ന് തെരഞ്ഞെടുത്തും നിയമിക്കണമെന്നതാണ് നിലവിലുള്ള മാർഗ്ഗനിർദ്ദേശം. എന്നാൽ ചില പ്രത്യേക പരിസ്ഥിതിയിൽ നിയമനം ആവശ്യമുള്ള തസ്തികകളിലെ വിദഗ്ധപരിചയം, നിയമനകാലാവധി, പദ്ധതിയുടെ സവിശേഷത മുതലായവ കണക്കിലെടുത്ത് ഒരു നിശ്ചിത കാലയളവിലേക്ക് 'കോൺട്രാക്ട്' വ്യവസ്ഥയിൽ നിയമനം നടത്തേണ്ടതായി വരും. അങ്ങനെ നടത്തിയിട്ടുള്ള നിയമനങ്ങളുടെ വിവരം ശേഖരിച്ചുവരുന്നു.

(സി) പൊതുമേഖലാ സ്ഥാപനങ്ങളിലെ താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിതന്നെ നടത്തണമെന്നുള്ളതാണ് നിലവിലുള്ള സർക്കാർ നിർദ്ദേശം: എന്നാൽ നിയമനം ആവശ്യമുള്ള തസ്തികകളിലെ വിദഗ്ധപരിചയം, നിയമനകാലാവധി, പദ്ധതിയുടെ സവിശേഷത മുതലായ സാങ്കേതിക കാരണങ്ങളാൽ ഒഴിച്ചുകൂടാൻ കഴിയാത്ത പരിതസ്ഥിതിയിൽ മാത്രമേ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമനം നടത്തുവാൻ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അനുവാദം നൽകാറുള്ളൂ.

290 (1469) വൃദ്ധ സദനങ്ങൾ

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ പഞ്ചായത്ത് മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലും വൃദ്ധസദനങ്ങൾ നിർമ്മിക്കാൻ ആലോചിക്കുന്നുണ്ടോ;

(ബി) അനാഥരായ വൃദ്ധരുടെ സംരക്ഷണം ഒരു സാമൂഹ്യ ബാദ്ധ്യതയായി കണക്കിലെടുത്ത് ഇവരുടെ സംരക്ഷണം ഏറ്റെടുക്കാൻ സർക്കാർ തയ്യാറാകുമോ;

(സി) വൃദ്ധസദനങ്ങൾ ആരംഭിക്കുന്നതിന് കേന്ദ്രഗവൺമെന്റിൽ നിന്നും സന്നദ്ധസംഘടനകൾക്ക് ധനസഹായം ലഭിക്കുന്നുണ്ടോ;

(ഡി) എങ്കിൽ സംസ്ഥാനത്ത് ധനസഹായം ലഭിക്കുന്ന സന്നദ്ധ സംഘടനകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly